# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.210 25/04/2017-ൽ മറുപടിക്ക്

## ബഹുനില മന്ദിരങ്ങൾക്ക് എൻ.ഒ.സി.

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻ സർക്കാരിന്റെ കാലത്ത് ഫയർഫോഴ്സിന്റെ എൻ.ഒ.സി.ക്ക് അപേക്ഷ നൽകിയിരുന്ന എത്ര അനധികൃത ബഹുനില മന്ദിരങ്ങൾക്ക് എൻ.ഒ.സി. നല്കിയിട്ടുണ്ട്; ഇവ ഓരോന്നിന്റെയും വിശദവിവരം നല്കാമോ; | എ) | അനധികൃതമായ യാതൊരു ബഹുനില കെട്ടിടങ്ങൾക്കും ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. അനുവദിച്ചിട്ടില്ല. ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റ്/സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നൽകുന്നത് അതാത് പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാനുകൾ പ്രകാരമാണ്. സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ (ഫൈനൽ) നൽകുന്നത് സൈറ്റ് എൻ.ഒ.സി. എടുത്തതോ നിർമ്മാണം പൂർത്തീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാനുകൾക്കാണ്. ആകയാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത യാതൊരു ബഹുനില കെട്ടിടങ്ങൾക്കും വകുപ്പിൽ നിന്ന് എൻ.ഒ.സി. അനുവദിച്ചിട്ടില്ല. മുൻപ് വിവിധ സുരക്ഷാ കാരണങ്ങളാൽ താൽക്കാലികമായി അപേക്ഷ നിരസിക്കുകയും സർക്കാർ ഉത്തരവ് (എം.എസ്) നം.45/2016/ആഭ്യന്തരം, തീയതി : 09.02.2016-ന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ, കെ.പി.ബി.ആർ, എൻ.ബി.സി. എന്നിവയിലെ ചട്ടങ്ങൾ ഉൾപ്പെടുത്തി വകുപ്പ് ചെക്ക്ലിസ്റ്റ് തയ്യാറാക്കുകയും നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് വീണ്ടും അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച ബഹുനില കെട്ടിടങ്ങൾക്ക് വകുപ്പിൽ നിന്ന് പരിശോധിച്ച് എൻ.ഒ.സി. അനുവദിക്കുകയുമാണുണ്ടായത്. |
| **ബി)** | മുൻ സർക്കാരിന്റെ കാലത്ത് അനുമതി നിഷേധിച്ചിരുന്നവ ഇവയിൽ എത്രയെണ്ണമുണ്ട്; | **ബി)** | ബാധകമല്ല. |
| **സി)** | ഇവയ്ക്ക് എൻ.ഒ.സി. നല്കിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ? | **സി)** | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**